# തൂലിക

Newsletter of
Jesus Youth
Dubai

Issue 490
24 March 2017
www.thoolikaa.net



" നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു.
നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവൻെറ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി;
അവൻെറ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.."

ഏശയ്യാ 53:5

ലക്കം 490
2017 മാർച്ച് 24

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താപത്രിക

http://thoolikaa.net

**ഉള്ളടക്കം**


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങു ചിന്തകൾ | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |




# സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | ബിബൽ 055 1426271<br>ശനി 8:30 pm 9:30 pm |
| ബർദുബായ് | ഗ്രിജിൻ 0508761697<br>ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | സന്തോഷ് 055 6969885<br>ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോബി ജോസഫ് 056 7893331<br>ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | തോമസ് ജോസ് 055 9171438<br>ശനി 8:30 pm 10:00 pm |
| സോനാപൂർ | ജോസ്മോൻ 055 3620434<br>ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഷിബു 055 9169623<br>ബുധൻ 8:15 pm 9:30 pm |
| മുത്തീന | ഷാഫി 055 2857170<br>ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102<br>ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385<br>ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | ബിനീഷ് 055 7484850<br>ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314<br>ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 0529783044<br>വ്യാഴം 10:00 pm 11:00 pm |

## മൊഴിമുത്തുകൾ

"അവൻ അവന്റെ പണം സ്വന്തമാക്കുന്നതിന് പകരം
അവന്റെ പണം അവനെ സ്വന്തമാക്കുന്നു."
കാർത്തേജിലെ വി.സിപ്രിയാൻ (200-258 സഭാപിതാവ്)

# ഒരുങ്ങാം ഉത്ഥാനത്തിനായ്....

സന്ധ്യാ പ്രാർത്ഥനയ്ക്കിടെ ക്രൂശിതരൂപത്തിലേക്ക് നോക്കിയിരുന്ന് കൊച്ചുമകൻ വല്ല്യപ്പച്ചനോട് ചോദിച്ചു, അപ്പച്ചാ, എത്ര നാളായി പാവം ഈശോ ഈ കുരിശിൽ കിടക്കുന്നു. നമുക്ക് താഴെ ഇറക്കി കിടത്തിയാലോ. തന്റെ കൊച്ചുമകന്റ സംശയം ദൂരീകരിക്കാൻ ആ വല്ല്യപ്പൻ നന്നേ പാടുപെട്ടു. പ്രിയപ്പെട്ടവരേ, രണ്ടായിരം വർഷങ്ങൾക്കപ്പുറം മാനവകുലത്തിന്റെ സർവ്വ പാപങ്ങളും ഏറ്റെടുത്ത് സ്വയം ബലിവസ്തുവായ നമ്മുടെ പ്രയനാഥന്റെ പീഠാനുഭവ ഓർമ്മയുടെ വാരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ പാപങ്ങളാകുന്ന കുന്തമുനകളാൽ നിരന്തരം ഈശോയെ കുത്തിപരിക്കേൽപിക്കുന്ന നമുക്ക് ഇനിയെങ്കിലും ആ കൊച്ചുകുഞ്ഞിനെ പോലെ ചിന്തിച്ചുകൂടെ ?

പെസഹാ എന്നാൽ "കടന്നുപോകൽ" എന്നാണ്. ഇസ്രായേൽ ജനം കഷ്ടതകൾ സഹിച്ച് അടിമത്വത്തിൽ നിന്നും കാനാൻ ദേശത്തേയ്ക്ക് കടന്നുപോയതു പോലെ നമ്മുടെ പാപജീവിതത്തിൽ നിന്നും ഈശോ തന്റെ ഉയിർപ്പുവഴി നേടിതന്ന നിത്യജീവനിലേയ്ക്ക് നമുക്ക് കടന്നുപോകണം. അതിനായി നമ്മുടെ നാഥൻ ഈ നോമ്പുകാലത്ത് നമ്മെ മാടി വിളിക്കുകയാണ്.

ലോകത്തിൽ അനുദിനം മഹാത്ഭുതം നടക്കുന്ന ഒരു പുണ്യസ്ഥലമുണ്ട്. നമ്മുടെയെല്ലാം ദൈവാലയങ്ങൾക്കുള്ളിൽ രണ്ട് മരപ്പലകകൾ ചേർത്തൊരുക്കിയ ഒരു കൂട്.. കുമ്പസ്സാര കൂട്. എത്ര വലിയ പാപിയേയും ദൈവസ്നേഹത്താൽ കഴുകി വിശുദ്ധനാക്കുന്ന പുണ്യസ്ഥലം. അവിടെ വൈദീകരുടെ രൂപത്തിൽ ഇരുന്ന് നമ്മെ ക്ഷണിക്കുകയാണ്, മകനേ, മകളേ നിന്റെ ഹൃദയം എത്ര കഠിനമാണെങ്കിലും ഞാൻ അത് കഴുകി മഞ്ഞുപോലെ വെൺമയുള്ളതാക്കും. പ്രിയമുള്ളവരേ, നമുക്ക് അവിടുത്തെ ക്ഷണം സ്വീകരിച്ച് കുമ്പസ്സാര കൂട്ടിലേയ്ക്ക് അണയാം. ഇനിയുള്ള ദിവസങ്ങളിൽ വേണ്ടത്ര ഒരുക്കത്തോടെ അവിടുത്തെ മുമ്പിൽ നമ്മുടെ തെറ്റുകൾ ഏറ്റുപറഞ്ഞ് പുതിയൊരു മനുഷ്യനായി അവിടുത്തെ ഉയിർപ്പിന്റെ ചൈതന്യത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം... ഈശോ നമ്മെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,
ജോബിൻ അഗസ്റ്റിൻ
എഡിറ്റർ



ആൽഫി ജോബി

ലേഖനം

# സ്നേഹതീരം - കുരിശിന്റെ വഴി

പതിനാലു സ്ഥലങ്ങളിലൂടെ നാം കടന്നുപോകുന്ന കുരിശിന്റെ വഴി യേശുവിന്റെ സ്നേഹം വിളിച്ചോതുന്നു. ഒരു കുറ്റവും ചെയ്യാത്ത അവൻ എല്ലാ ആരോപണങ്ങളും ഏറ്റുവാങ്ങി നിശബ്ദനായി നടന്നുനീങ്ങിയതു മുതൽ, ദേഹത്തെ മുറിവുകളോടൊട്ടിയ ഉടുവസ്ത്രവും ഉരിഞ്ഞെടുക്കപ്പെട്ട് കുരിശിലേറി ജീവൻ വെടിഞ്ഞ നിമിഷം വരെ അവനേറ്റുവാങ്ങിയ പ്രഹരങ്ങളും, നിന്ദനവും, തുപ്പലുകളും, പരിഹാസവും, വീഴ്ച്ചകളുമെല്ലാം നമുക്ക് വേണ്ടിയായിരുന്നു. ഈ വേദനകൾ ഏറ്റുവാങ്ങി നമ്മെയോരോരുത്തരേയും രക്ഷിക്കാനാണ് അവൻ ജനിച്ചതു തന്നെ. സഹനത്തിന്റെ കയ്പ്പുനീരു കുടിച്ചപ്പോഴും നമ്മുടെ രക്ഷയോർത്ത് അവൻ ആത്മാവിൽ ആനന്ദിച്ചു.



സഹനങ്ങളാകുന്ന കുരിശുകൾ എപ്പോഴും വേദന തരുന്നതാണ്. മാറാരോഗങ്ങൾ, സാമ്പത്തിക ബാധ്യതകൾ, ഒറ്റപ്പെടലുകൾ, ജീവിതത്തിലെ തകർച്ചകൾ എല്ലാം നമ്മെ തളർത്തുന്നതാണ്. എന്നാൽ ഒരു ക്രൈസ്തവനെ സംബന്ധിച്ച്, സഹനങ്ങൾ ദൈവത്തിന്റെ ദാനമാണ്. അവന്റെ സ്നേഹം ആഴത്തിലനുഭവിക്കാനുള്ള അവസരമാണ് ഓരോ സഹനവും. ദൈവം അനുവദിക്കുന്ന നമ്മുടെ സഹനങ്ങളെല്ലാം അവന് സാക്ഷ്യമാകുവാനുള്ളതാണ്. ആ സാക്ഷ്യങ്ങൾ ആയിരങ്ങളെ ദൈവത്തിലേയ്ക്കടുപ്പിക്കും. സഹനങ്ങളൊരിക്കലും ശാപമല്ല-അനുഗ്രഹമാണ്!

നാമോരോരുത്തരുടേയും മറ്റുള്ളവരുടേയും രക്ഷയ്ക്കു കാരണമാകേണ്ട ജീവിതത്തിലെ സഹനങ്ങൾക്കുമുമ്പിൽ നാം പലപ്പോഴും പകച്ചുനില്ക്കാറുണ്ട്. എന്നാൽ, അതിനുപകരം അത് വഹിക്കാനുള്ള ശക്തി യേശു പിതാവിനോടു പ്രാർത്ഥിച്ചു നേടിയതുപോലെ നാമും അവിടുത്തോട് പ്രാർത്ഥിച്ചു നേടണം. യേശുവിനോട് ചേർന്ന് കുരിശു വഹിച്ചാൽ, സഹനം, ഒരു ഭാരമായി നമുക്ക് തോന്നില്ല. എന്നാൽ മാത്രമേ സഹനങ്ങളിലും പുഞ്ചിരി തൂകി, സന്തോഷത്തോടെ പാറിപ്പറക്കാൻ നമുക്ക് സാധിക്കൂ.

സ്വന്തം ജീവിതത്തിൽ ദൈവം അനുവദിക്കുന്ന സഹനങ്ങൾ പിറുപിറുക്കലോടെ സ്വീകരിക്കുന്നവരുമുണ്ട്. തമ്പുരാൻ തന്ന അനുഗ്രഹങ്ങൾക്കൊന്നും നന്ദി പറയാതെ സ്വന്തം സഹനങ്ങളേയും, വേദനകളെയും പ്പറ്റി പരാതി പറഞ്ഞ് നടക്കുമ്പോൾ, നമ്മുടെ ആത്മരക്ഷ / നിത്യരക്ഷയെന്ന ദൈവപദ്ധതിയ്ക്ക് തടസ്സം വരുന്നു. അങ്ങനെയുള്ളവർക്ക് സഹനങ്ങളുടെ പ്രതിഫലമറിയാമായിരുന്ന, സഹനജീവിതങ്ങളെ ആഘോഷങ്ങളാക്കി മാറ്റിയ വിശുദ്ധരുടെ ജീവിതങ്ങൾ മാർഗ്ഗദർശങ്ങളാകട്ടെ.

ദൈവലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്.

ഓരോ കുരിശിന്റെ വഴിയിലൂടെയും നാം കടന്നുപോകുമ്പോൾ, അവന്റെ പീഢാനുഭവങ്ങൾ നാമോരോരുത്തരുടേയും പാപപരിഹാരമാണെന്നും, അവന്റെ നിസ്സീമമായ സ്നേഹം ലഭിക്കാൻ ഞാനെത്ര ഭാഗ്യവാനാണെന്നും  നമുക്ക് ചിന്തിക്കാം. നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്ക് സഹനങ്ങളാകുന്ന കുരിശുകളെ അവനിലേയ്ക്ക്  സമർപ്പിക്കാം. യേശുവിന്റെ കുരിശുയാത്രയിൽ അവനോടൊപ്പമുണ്ടായിരുന്ന പരിശുദ്ധ അമ്മ നമ്മുടെ സഹനങ്ങളിൽ താങ്ങായി തണലായി നമ്മോ



ബലഹീനതകളോടുകൂടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. നിനച്ചിരിക്കാതെ ജീവിതത്തിലുണ്ടാകുന്ന വലിയ തകർച്ചകൾ നമ്മെ തളർത്തും. കുരിശ് തന്ന ദൈവത്തെ നാം പഴിക്കും. എന്നാൽ, നമ്മുടെ സഹനങ്ങളിലൂടെ നാം യേശുവിനെ കണ്ടെത്തുമ്പോൾ, കുരിശുകൾ ദൈവസ്നേഹത്തിന്റെ അനുഭവമായി മാറുമ്പോൾ, നമ്മളും മറ്റൊരു ശിമയോനായി മാറും. കുരിശു തന്ന ദൈവത്തിന് സ്തോത്രം പാടും. അപ്പോൾ മാത്രമാണ്

ടൊപ്പമുണ്ട്. ആ അമ്മയോട് നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിലും പതിപ്പിച്ചുറപ്പിക്കേണമേ.

# വി. കാഥറിൻ ലബൂർ



ഫ്രാൻസിലെ ബർഗന്റിയിൽ 1806-ലാണ് ഒരു കർഷകന്റെ 11 മക്കളിൽ 9-ാമത്തെ കുട്ടിയായി കാഥറിൻ ജനിച്ചത്. ചെറുപ്പം മുതൽ തീക്ഷണത നിറഞ്ഞ ഭക്തി അഭ്യസിച്ചിരുന്നു. അനേകം മൈൽ കാൽനടയായി സഞ്ചരിച്ചാണ്, പ്രതിദിനം പരിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നത്. അസാധാരണമായ പ്രാർത്ഥനാനുഭവം ബാല്യം മുതൽക്കേ കാഥറിന് ഉണ്ടായിരുന്നു. അവൾക്ക് എട്ടുവയസ്സുള്ളപ്പോൾ അമ്മ നിര്യാതയായി. പിതാവിന്റെ ഇഷ്ടക്കേട് അവഗണിച്ചുകൊണ്ട് അവൾ "ഉപവിയുടെ സഹോദരികൾ" എന്ന സന്ന്യാസിനി സമൂഹത്തിൽ ചേർന്നു. അന്നുമുതൽ പ്രാർത്ഥനയിലും പരിഹാരപ്രവർത്തികളിലും കാഥറിൻ കൂടുതൽ വ്യാപൃതയായി. പ്രാർത്ഥനാ ജീവിതത്തിൽ മുന്നേറിയ കാഥറിന് അതിസ്വാഭാവികമായ പല ദർശനങ്ങളും ഉണ്ടായി. വി.കുർബാനയിൽ കർത്താവിനെ അവൾ യഥാർത്ഥത്തിൽ കണ്ടുകൊണ്ടിരുന്നു. ത്രിത്വത്തിന്റെ ഞായറാഴ്ച ക്രിസ്തുരാജന്റെ പ്രത്യേകമായ ദർശനം അവൾക്കുണ്ടായി.

ദൈവമാതാവിന്റെ മൂന്നു ദർശനങ്ങൾ അവൾക്ക് സിദ്ധിച്ചു. രണ്ടാമത്തെ ദർശനമാണ് പ്രധാനപ്പെട്ടത്. ആദർശനത്തിൽ കന്യകാമറിയം. സർപ്പത്തിന്റെതലയിൽ ചവിട്ടി നിൽക്കുന്നതും ഇരുകരങ്ങളും മലർക്കെ തുറന്നു പിടിച്ചിരിക്കുന്നതും അവയിൽ നിന്നു രശ്മികൾ വീശുന്നതും ചുറ്റുമായി നീണ്ടവൃത്താകൃതിയിൽ, സ്വർണ്ണലിപികളിൽ "പാപം കൂടാതെ ഉത്ഭവിച്ച മറിയമേ, അങ്ങിൽ അഭയം തേടുന്ന ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണേ " എന്ന് എഴുതിയിരിക്കുന്നതും കണ്ടു. അതോടൊപ്പം അവൾ കേട്ടസ്വരമിതാണ്. "ഈ ദർശനത്തിന്റെ രീതിയിൽ ഒരു മെഡലുണ്ടാക്കുക.ശരണത്തോടുകൂടി ധരിക്കുന്നവർക്ക് അതുവഴി ധാരാളം അനുഗ്രഹങ്ങൾ സിദ്ധിക്കും" മെഡലിന്റെ മറുവശത്ത് "എം" എന്ന അക്ഷരവും അതിനു മുകളിൽ കുരിശും ഇരുവശങ്ങളിൽ മുൾമുടി വലയം ചെയ്തിട്ടുള്ള ഈശോയുടെ തിരുഹൃദയവും, പുഷ്പമുടി വലയം ചെയ്തിട്ടുള്ളതും ഒരു വാൾകൊണ്ടു പിളർക്കപ്പെട്ടതുമായ കന്യകാമറിയത്തിന്റെ ഛായയും ചിത്രീകരിച്ചിരിക്കണം. ഈ മെഡൽ വഴി നിരവധി അത്ഭുതങ്ങൾ നടന്നതിനാൽ "അത്ഭുത മെഡൽ" എന്ന പേരിൽ ഇന്നും ഇത് ക്രൈസ്തവ ലോകത്ത് പ്രചാരത്തിലിരിക്കുന്നു. 1842-ൽ നടന്ന അൽഫോൺസ് എന്ന യഹൂദന്റെ മാനസാന്തരം സുപ്രസിദ്ധമാണ്.

വിനയാന്വിതയായ കാഥറിൻ ദൈവമാതാവു നൽകിയ ദർശനങ്ങളെയും നിർദ്ദേശങ്ങളെയുംപറ്റി ആത്മീയപിതാവിനോടല്ലാതെ ആരോടും പറഞ്ഞിരുന്നില്ല. തൻനിമിത്തം

തുടരും പേജ് 8...

# തെറ്റായ വിശ്വാസങ്ങൾ, ഒരു തിരിഞ്ഞുനോട്ടം.

ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തിന്റെ എൺപതാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ ഭവന രഹിതരായ അഗതികൾക്കൊപ്പം ഭക്ഷണം കഴിക്കുകയും ദൈവത്തിന്റെ മക്കളെ എല്ലാവരേയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്ത് അദ്ദേഹം ലോകത്തിന് മാതൃക പകരുന്നു. അങ്ങനെ അനേകം വ്യക്തിത്വങ്ങളെ നമുക്ക് ചുറ്റും കാണാൻ സാധിക്കും. വ്യാഴാഴ്ച ദിവസത്തെ ഒരു കല്യാണചടങ്ങ് അരമണിക്കൂർ കൊണ്ട് എല്ലാവരും ഭക്ഷണം കഴിച്ചു. എന്നാൽ വരന്റെ വീട്ടിലേക്ക് പോകാൻ ഒന്നര മണിക്കൂർ പാരീഷ് ഹാളിൽ തങ്ങേണ്ടി വന്നു. കാരണം അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് ഇന്ന് വ്യഴാഴ്ച്ച അല്ലെ, മൂന്നു മണിക്ക് ശേഷമേ വീട്ടിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

അതുപോലെ ഭർത്താവ് മരിച്ച സ്ത്രീകളെ സ്വന്തം ബന്ധുവായിരുന്നിട്ടു പോലും വിവാഹത്തിനു ക്ഷണിക്കാത്തവർ, മലയാള മാസത്തിലെ ആദ്യ ദിവസം ആരെങ്കിലും ഭവനത്തിൽ കയറിയാൽ ആ മാസം പട്ടിണി കിടക്കേണ്ടിവരും എന്ന് ചിന്തിക്കുന്ന മറ്റു ചിലർ, മകളുടെ എസ്. എസ്.എൽ.സി പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞപ്പോൾ, അതിനും മറ്റുള്ളവരെ പഴിക്കുന്ന ചില വ്യക്തിത്വങ്ങൾ, അങ്ങനെ പോകുന്നു ആ നിര.

പ്രിയമില്ലവരെ അടിയുറച്ച വിശ്വാസത്തിൽ വിത്ത്പാകി മൊട്ടിട്ട നമ്മുടെയൊക്കെ ക്രൈസ്തവ ജീവിതങ്ങൾ ഇന്ന് എവിടെ നിൽക്കുന്നു എന്ന് നമുക്കൊന്ന് സ്വയം വിലയിരുത്താം. പരിശുദ്ധമായ അൾത്താരയുടെ മുമ്പിൽ നിന്ന് നാം ഈശോയുടെ നാമത്തിൽ സ്വീകരിക്കുന്ന വിശുദ്ധമായ കൂദാശകൾ, ഈശോയെ പോലെ ഒരു നാഥനുള്ളപ്പോൾ നാം നടത്തുന്ന ഈ ആചാരങ്ങൾക്ക് എന്ത് വിലയാണുള്ളത്. ഈ അന്ധമായ വിശ്വാസങ്ങളെ നമ്മുടെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും വേരോടെ പിഴുതെറിഞ്ഞ്, മറ്റുള്ളവർക്കും നമ്മുടെ മക്കൾക്കും വരും തലമുറയ്ക്കു തന്നെയും മാതൃകയുള്ള വ്യക്തിത്വങ്ങളായി മാറാം.

ദൈവത്തിന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നാം, ഈശോയെ മുന്നിൽ കണ്ട് നമ്മുടെ പ്രവർത്തികളെ നീതി ബോധത്തോടും സത്യസന്ധതയോടും ക്രമീകരിച്ചാൽ യാതൊരു അനർത്ഥവും നമ്മുടെ ജീവിതത്തെ വേട്ടയാടില്ല. ഏത് പ്രവർത്തി ചെയ്യുമ്പോഴും ദൈവത്തോട് അഭിപ്രായം ആരാഞ്ഞ്, വിശുദ്ധിയോടും പ്രാർത്ഥനയോടും തുടങ്ങുന്ന ജീവിതത്തിൽ നാം ആരെ ഭയപ്പെടണം?

തെറ്റായ ധാരണകളെ മാറ്റി നിർത്തി നമ്മുടെയൊക്കെ ജീവിതം ഫലദായകവും ഉല്ലാസഭരിതവുമായി തീരാൻ നമുക്ക് യത്നിക്കുകയും അതുവഴി അനേക മക്കളെ തെറ്റായ ചിന്തകളിൽ നിന്നും, പ്രബോധനങ്ങളിൽ നിന്നും മാറ്റി നല്ലൊരു തലമുറയെ വാർത്തെടുക്കുന്നതിനുമായി ഈശോയുടെ മക്കളായ നമുക്കോരോരുത്തർക്കും സാധിക്കട്ടെ.

# നിങ്ങളുടെ സംശയം സഭയുടെ ഉത്തരം

260. പരിശുദ്ധ കുർബാന സ്വീകരിക്കാൻ സാധിക്കുന്നതിന് എന്ത് തയ്യാറെടുപ്പാണ് ഒരാൾ നടത്തേണ്ടത് ?

പരിശുദ്ധ കുർബാന സ്വീകരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി കത്തോലിക്കനായിരിക്കണം. അയാളുടെ മനസാക്ഷിയിൽ ഗൗരവാവഹമായ പാപമുണ്ടെങ്കിൽ ആദ്യം കുമ്പസ്സാരിക്കണം. അൾത്താരയെ സമീപിക്കുന്നതിന് മുമ്പ് അയൽക്കാരനുമായി രമ്യതപ്പെടുകയും വേണം. (1389-1417)

പരിശുദ്ധ കുർബാനയ്ക്ക് മുമ്പ് മൂന്നു മണിക്കൂർ നേരത്തേക്കെങ്കിലും ഉപവസിക്കണം (ഒന്നും ഭക്ഷിക്കാതിരിക്കണം) എന്നതായിരുന്നു അടുത്ത കാലം വരെയുള്ള പതവ്. അങ്ങനെയാണ് ആളുകൾ ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടാൻ ഒരുങ്ങിയത്. ഒരു മണിക്കൂർ നേരത്തേക്കെങ്കിലും ഉപവസിക്കണം എന്നാണ് ഇപ്പോൾ സഭ ശുപാർശ ചെയ്യുന്നത്. ഒരുവൻ തന്റെ ഏറ്റവും നല്ല വസ്ത്രം അണിഞ്ഞുകൊണ്ട് ദേവാലയത്തിൽ പോവുക എന്നതാണ് ആദരത്തിന്റെ മറ്റൊരടയാളം. നാം ലോകത്തിന്റെ നാഥനെ ഒരു നിർദ്ദിഷ്ട സ്ഥലത്തു വെച്ച് കാണുവാൻ പോവുകയാണല്ലോ..

*വിശുദ്ധരുടെ ജീവിതങ്ങൾ തുടർച്ച പേജ് ..6*

അത്ഭുതമെഡലിന്റെ ആരംഭക കാഥറിനാണെന്ന് അവളുടെ ജീവിതകാലത്ത് ആരും മനസ്സിലാക്കിയില്ല.

ഉന്നതമായ തന്റെ പ്രാർത്ഥനാരീതിയെപ്പറ്റി കാഥറിൻ തന്നെ പറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണ്. "ഞാൻ ദൈവസന്നിധിയിൽ നിന്ന് അവിടുത്തോടു പറയും, കർത്താവേ ഇതാ ഞാൻ അങ്ങുതിരുമനസ്സാകുന്നത് എനിക്കു തരിക. എന്തെങ്കിലും തന്നാൽ സന്തുഷ്ടയായി, ഞാൻ നന്ദി പറയുന്നു. ഒന്നും തന്നില്ലെങ്കിലും ഞാൻ നന്ദി പറയും, കാരണം ഞാൻ ഒന്നിനും അർഹയല്ല. എന്റെ ചിന്തകൾ ഞാൻ അവിടുത്തെ അറിയിക്കും. ഞാൻ അവിടുത്തെ ശ്രവിക്കും"

ദൈവസ്നേഹപൂരിതയായി 1876-ൽ മരണമടഞ്ഞ കാഥറിനെ 1947-ൽ വിശുദ്ധയായി നാമകരണം ചെയ്തു.

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല".

ലൂക്കാ 14 : 27

# “അനുരഞ്ജന വേദി സുവിശേഷവൽക്കരണ വേദിയാണ്.” ഫ്രാൻസിസ് പാപ്പാ

വത്തിക്കാൻ : 2017 മാർച്ച് 14 മുതൽ 17 വരെ റോമൻകൂരിയായുടെ ഒരു വിഭാഗമായ അപ്പസ്തോലിക് പെനിറ്റെൻഷ്യൽകോടതി സംഘടിപ്പിച്ച ഇരുപത്തെട്ടാമത് കോഴ്സിൽ സമാപന സന്ദേശം നൽകുകയായിരുന്നു പാപ്പാ. ഏതാണ്ട് എഴുന്നൂറുപേരടങ്ങിയ ഈ ഗ്രൂപ്പിന് പാപ്പായുമായുള്ള കൂടിക്കാഴ്ച രാവിലെ പതിനൊന്നരയ്ക്ക് പോൾ ആറാമൻ ശാലയിൽ വച്ചായിരുന്നു.



അപ്പസ്തോലിക പെനിറ്റെൻഷ്യറി കോടതി, കാരുണ്യത്തിന്റെ കോടതിയാണെന്നും അനുരഞ്ജനവേദി ഒരു സുദീർഘ പഠനശാലയാണ്, എന്നും പറഞ്ഞുകൊണ്ട് അനുരഞ്ജനവേദിയിലിരിക്കുന്ന ഒരു വൈദീകനു വേണ്ട മൂന്നു പ്രധാനകാര്യങ്ങൾ പാപ്പാ വിശദീകരിച്ചു.

നല്ലിടയനായ യേശുവിന്റെ യഥാർഥമിത്രമാണ് ഒരു നല്ല കുമ്പസാരവൈദികൻ. ഈ സൗഹൃദമില്ലാതെ, അനുരഞ്ജനത്തിനുവേണ്ട ഒരു നല്ല പിതൃമനസ്സ് ഉണ്ടാവുകയില്ല. യേശുവിന്റെ മിത്രങ്ങളാകുക എന്നതുകൊണ്ട് അർഥമാക്കുന്നത് എല്ലാറ്റിനുമുപരിയായി പ്രാർഥനയിൽ വളരുക എന്നതാണ്. ദൈവത്തിന്റെ കാരുണ്യം തേടി വരുന്ന വിശ്വാസികൾക്കുവേണ്ടിയുള്ള ദൗത്യം നിർവഹിക്കുന്നതിന് അജപാലനപരമായ ഉപവി എന്ന ദാനത്തിനായി നിരന്തരം പ്രാർഥിക്കുന്ന വ്യക്തിയായിരിക്കണം കുമ്പസാരക്കാരൻ. പ്രാർഥിക്കുന്ന കുമ്പസാരക്കാരൻ, ആദ്യം തന്നെത്തന്നെ പാപിയും എന്നാൽ ക്ഷമിക്കപ്പെട്ടവനുമായി അറിയുന്നവനാണ്. രണ്ടാമതായി, അദ്ദേഹം ഒരു ആത്മീയമനുഷ്യനാണ്, വിവേചിച്ചറിയുന്ന മനുഷ്യൻ. ഈ വിവേചിക്കലിന്റെ അഭാവമുള്ള സഭയായിരിക്കുക എത്ര മോശമാണ്! ദൈവാരൂപിയെ വിനയത്തോടെ ശ്രവിക്കുന്നതിലും ദൈവഹിതം തേടുന്നതിലും അടിസ്ഥാനമിടാത്ത പ്രവർത്തനങ്ങൾ ആത്മാക്കൾക്ക് എത്ര ദോഷകരമാണ്.

മൂന്നാമതായി പാപ്പാ കൂട്ടിച്ചേർത്തു, അനുരഞ്ജനവേദി സുവിശേഷവത്ക്കരണത്തിന്റെ യഥാർഥസ്ഥലമാണ്. അവിടെ, വാസ്തവത്തിൽ, ദൈവത്തിന്റെ കാരുണ്യവുമായി കണ്ടുമുട്ടുന്ന ആധികാരിക സുവിശേഷപ്രഘോഷണം നടക്കുകയാണ്. കാരുണ്യത്തെ കണ്ടുമുട്ടുക എന്നുവെച്ചാൽ, യഥാർഥത്തിൽ ദൈവത്തിന്റെ മുഖം കാണുകയാണ്, കർത്താവായ യേശു അവിടുത്തെ വെളിപ്പെടുത്തിയപോലെ. നല്ല കുമ്പസാരക്കാരായിരിക്കുവാൻ, ക്രിസ്തുവുമായുള്ള ബന്ധത്തിൽ മുഴുകുന്നവരായിരിക്കാൻ നിങ്ങളെ ആശീർവദിക്കുകയും അതിനുള്ള ആശംസകൾ നേരുകയും ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ടാണ് പാപ്പാ തന്റെ സന്ദേശം അവസാനിപ്പിച്ചത്.

## പ്രാർത്ഥനാ സഹായം

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## ജീസസ് യൂത്ത് കൾച്ചറൽ ഫെസ്റ്റ് - 2017

**24/03/17**

രാവിലെ 9 മണി മുതൽ 10 വരെ ഗ്രൂപ്പ് ബൈബിൾ ക്വിസ്.

10:15 മുതൽ 12:30 വരെ വ്യക്തികത ബൈബിൾ ക്വിസ്

**31/03/17**

രാവിലെ 9 മണിമുതൽ 11 വരെ സ്കിറ്റ്

11 മുതൽ 12:30 മ്യൂസിക്കൽ ഫ്യൂഷൻ

വൈകുന്നേരം 3:30 മുതൽ 5:00 വരെ ഗ്രൂപ്പ് സോംഗ്

5:15 സമ്മാനദാനം.

വിശദവിവരങ്ങൾക്ക് സോണൽ കോർഡിനേറ്റേഴ്സുമായി ബന്ധപ്പെടുക

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുന്നതാണ്. (താല്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്).

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് : info@thoolikaa.net എന്നതിലേക്ക് അയക്കുക.

English Mass Timings
**St. Mary’s Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children’s) 3:30 pm (children’s catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ജീസസ് യൂത്ത് - ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## ജീസസ് യൂത്ത് - ഫാമിലി

**J.Y.** ഹോം. റാഷിദിയ
സെബാസ്റ്റ്യൻ ജോൺ & ലിജിയ ജോസ്
050 3986934

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബൈ

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

50 YEARS OF GRACE-FILLED PROVIDENCE
ST. MARY’S CATHOLIC CHURCH
DUBAI - 1967- 2017

## സുവർണ്ണ ജൂബിലി

ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളെ

ഓർത്തു പ്രാർത്ഥിക്കുമല്ലോ

# Rejoice in hope
# Be patient in tribulation
# Be constant in prayer

**ROMANS 12.12**

---

Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Meida Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Jobin Augustin **Cover** : Libin Cherian
**E-mail** : info@thoolikaa.net **Web** : http://thoolikaa.net

FOR PRIVATE CIRCULATION (WITHIN THE CHURCH COMPOUND) ONLY